(എ) വർക്കല ഫയർസ്റ്റേഷന്റെ നിർമ്മാണ ജോലി സ്തംഭനാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ആവശ്യമായ ഫണ്ട് നൽകാത്തതാണ് കെട്ടിട നിർമ്മാണപ്രവർത്തനം നിർത്തിവയ്ക്കാൻ കാരണമെങ്കിൽ ആവശ്യമായ ഫണ്ട് നൽകി കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഫയർസ്റ്റേഷൻ നിർമ്മാണം നടന്നു വരുന്നു. ഫിനിഷിംഗ് വർക്ക് തുടങ്ങിയിട്ടുണ്ട്.

(സി) കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാ നടപടികൾക്ക് വിധേയരായ ജീവനക്കാർ

82 (90) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ജീവനക്കാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ജീവനക്കാരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട് ;

(സി) വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ ശിക്ഷിച്ചിട്ടുണ്ട് ;

(ഡി) അഴിമതിക്കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ കഴിയുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) അഴിമതി കേസുകളിൽ ഉൾപ്പെട്ട ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 1996-97 കാലയളവിൽ 225 പേർക്കെതിരെയും 1997-98 കാലയളവിൽ 196 പേർക്കെതിരെയും, 1998-99 കാലയളവിൽ 253 പേർക്കെതിരെയും, 1999-2000 കാലയളവിൽ 265 പേർക്കെതിരെയും വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേ കാലയളവിൽ 3 വിജിലൻസ് കോടതികളിലായി 118 പേരേയും വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണങ്ങൾക്കു വിധേയമായി 53 പേരേയും ശിക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോടതി വഴി ശിക്ഷാനടപടികൾക്ക് വിധേയരായ 118 പേരിൽ ആരും തന്നെ സർവ്വീസിൽ തുടരുന്നില്ല.

(സി) വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ കോടതികളിലും ട്രൈബ്യൂണലുകളിലുമായി വിചാരണ നടത്തിയ കേസുകളിൽ 1996-97 കാലയളവിൽ 19 പേരേയും 1997-98 കാലയളവിൽ 34 പേരേയും 1998-99 കാലയളവിൽ 59 പേരേയും 1999-2000-ൽ 59 പേരേയും ശിക്ഷിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ ശിക്ഷിച്ചിട്ടുള്ളവരുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിജിലൻസ് കേസുകളുടെ അന്വേഷണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ അന്വേഷണോദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1-1-1997-നു മുൻപ് ആരംഭിച്ച അന്വേഷണങ്ങൾ സമയബന്ധിതമായി തീർക്കുന്നതിന് നിർദ്ദേശം നൽകുകയും, ഇവയുടെ സമയബന്ധിത തീർപ്പാക്കൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സസൂക്ഷ്മം അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഇ) വിജിലൻസ് കേസുകളിൽ ഉൾപ്പെട്ട ഏതെങ്കിലും ജീവനക്കാരൻ ജോലിയിൽ തുടരുന്നത് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണത്തിന് തടസ്സം സൃഷ്ടിക്കും എന്ന് ബോദ്ധ്യമായാൽ അവരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്.

എളംകുളം ബാങ്കിലെ അഴിമതി

83 (91) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ എളംകുളം ബാങ്കിലെ അഴിമതി സംബന്ധിച്ചു വിജിലൻസ് കേസ്സിന്റെ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കേസ് വിജിലൻസ് ഏറ്റെടുക്കാൻ എന്നാണ് നിർദ്ദേശം നൽകിയത് ;

(സി) ഇത് സംബന്ധിച്ച് കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്നാണ് എഫ്.ഐ.ആർ. നൽകിയതെന്നും എഫ്.ഐ.ആറിൽ ആരെയെല്ലാമാണ് പ്രതികളായി ചേർത്തിരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) ഈ ബാങ്കിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കോട്ടയം ടൂറിസം സൊസൈറ്റി സംബന്ധിച്ച കേസിന്റെ എഫ്.ഐ.ആർ. എന്നു സമർപ്പിച്ചുവെന്നും അതിൽ ആരെല്ലാം പ്രതികളാണെന്നും വ്യക്തമാക്കുമോ ;

(എഫ്) ഈ രണ്ടു കേസിലും കൂടി എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിരിക്കുന്നത് ;

(ജി) എഫ്.ഐ.ആർ. കോടതിയിൽ സമർപ്പിച്ചശേഷം ചാർജ് ഷീറ്റ് നൽകുന്നതിൽ കാലതാമസം വരുത്തിയതായി ഗവൺമെന്റിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(എച്ച്) ചാർജ് ഷീറ്റ് നൽകുന്നതിനുള്ള കാലതാമസം എന്താണ് എന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly